I ഇ.ബി. XV - കേരള നിയമസഭ/V-12

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 18, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

വൈദ്യുതി നിരക്ക് വർദ്ധന

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതുമൂലം ജനജീവിതം ദുസ്സഹമായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. അൻവർ സാദത്ത്, പി. ഉബൈദുള്ള,

മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താരിഫ് വർദ്ധന തീരുമാനിക്കുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. ദുർബല വിഭാഗക്കാർ, കാർഷിക ഉപഭോക്താക്കൾ, ചെറുകിട വ്യവസായികൾ, ചെറുകിട കർഷകർ എന്നിവർക്കും ആയിരം വാട്ട്സ് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ളവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമായ ഗാർഹിക ഉപഭോക്താക്കൾക്കും കാൻസർ രോഗികൾ, സ്ഥിരമായി അംഗവൈകല്യം ബാധിച്ചവർ എന്നിവരുൾപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കും താരിഫ് നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. കൂടാതെ പ്രതിമാസം 50 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അങ്കണവാടികൾ തുടങ്ങിയവയ്ക്കും താരിഫ് വർദ്ധനവില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യനിരക്കിൽ മാറ്റം വരുത്തിയിട്ടില്ല. പെട്ടിക്കടകൾ, തട്ടുകടകൾ എന്നവിഭാഗത്തിലുള്ളവർക്ക് നൽകുന്ന കുറഞ്ഞനിരക്കിലുള്ള താരിഫ്

ആനുകൂല്യം 2000 വാട്ട്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രതിമാസം 150 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പരമാവധി വർദ്ധന യൂണിറ്റിന് 25 പൈസയിൽ താഴെയാണ്. കെ.എസ്.ഇ.ബി.എൽ.-ന് കിട്ടാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. 2019 ജൂലൈ മാസം 8-ാം തീയതിയാണ് സംസ്ഥാനത്ത് അവസാനമായി വൈദ്യുതിനിരക്ക് വർദ്ധിപ്പിച്ചത്. സാധാരണക്കാരന് ബുദ്ധിമുട്ടനുഭവപ്പെടാതെയും കെ.എസ്.ഇ.ബി.എൽ.-ന്റെ നിലനിൽപ്പും കണക്കിലെടുത്താണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് പുതുക്കിയിരിക്കുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സംസ്ഥാനത്ത് വൈദ്യുതിനിരക്കിൽ 6.6 ശതമാനം വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽനിന്നും കരകയറിവരുന്ന സാധാരണ ജനങ്ങൾക്കും വ്യവസായങ്ങൾക്കും കടുത്ത ആഘാതമാണ് വൈദ്യുതി ചാർജ് വർദ്ധനവ് ഏൽപ്പിച്ചിരിക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടം നികത്തുന്നതിന് ബദൽ മാർഗ്ഗങ്ങൾ അവലംബിക്കാൻ കഴിയാത്തതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതും വൈദ്യുതി വകുപ്പിന്റെ പരാജയം വ്യക്തമാക്കുന്നതാണ്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത

കരാറുകാരിൽനിന്നുമാത്രമേ വൈദ്യുതി വാങ്ങാൻ പാടുള്ളൂവെന്ന ഉത്തരവ് ലംഘിച്ച് കരാർ നൽകിയവർക്കെതിരെ അന്വേഷണം നടത്തണം. വരുമാനമിച്ചത്തിന്റെ നേട്ടം ഉപഭോക്താക്കൾക്ക് നൽകാതെ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് ജനജീവിതം ദുസ്സഹമാക്കിയ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): കുടിശ്ശിക പിരിച്ചെടുക്കാനും ചെലവ് ചുരുക്കാനുമുള്ള ശക്തമായ നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്. താപനിലയങ്ങളിൽനിന്ന് 880 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് കരാറുണ്ടെങ്കിലും 300 മെഗാവാട്ട് വാങ്ങാൻ മാത്രമാണ് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് അംഗീകാരമുള്ളത്. ദീർഘകാല കരാറുകളിൽ നിന്ന് കെ.എസ്.ഇ.ബി.എൽ. പിൻമാറിയാൽ 800 കോടി രൂപയുടെ അധിക ബാധ്യത ഒഴിവാക്കാൻ കഴിയും. കരാറുകളുടെ അംഗീകാരം സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. സംസ്ഥാന റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്നതാണ്. കരാറുകൾ റദ്ദ് ചെയ്യുന്നതിന്റെ ഗുണം അടുത്ത വർഷം ലഭിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

(1) പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. റോഡ് ഡിസൈനിലെ അപാകത

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പുനലൂർ-മൂവാറ്റുപുഴ അടക്കമുള്ള കെ.എസ്.ടി.പി. റോഡുകളിൽ കലുങ്കുകളും ഓടകളും അശാസ്ത്രീയമായി നിർമ്മിക്കുകയും ഗ്രാമീണ റോഡുകളിലേയ്ക്കുള്ള വഴികൾ അടയ്ക്കുകയും ചെയ്യുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ഡിസൈനിലുള്ള അപാകതകൾ പരിഹരിച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പുനലൂർ-പൊൻകുന്നം റോഡിന്റെ പുനരുദ്ധാരണം കെ.എസ്.ടി.പി.-യിലുൾപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ ഇ.പി.സി. (Engineering Procurement

Construction) മോഡിലാണ് നടപ്പിലാക്കുന്നത്. പുനലൂർ, കോന്നി, റാന്നി നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിശോധിക്കുന്നതിന് നിർദ്ദേശം നൽകുകയും അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് വീതി കൂട്ടുകയും ഉയർത്തുകയും ചെയ്യുമ്പോൾ പദ്ധതി ബാധിതരായ പരിസരവാസികളുടെ വീടുകളിലേയ്ക്കുള്ള വഴിയുടേയും ആഴംകൂടിയ ലീഡിംഗ് ചാനലുകളുടെയും നിർമ്മാണവും പ്രവൃത്തിയിൽ ഉൾപ്പെടുത്താനും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനും കെ.എസ്.ടി.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ മേൽനോട്ട ഏജൻസിയും കരാറുകാരനും വീഴ്ച വരുത്തുന്നത് ഗൗരവത്തിലെടുക്കുന്നതാണ്.

## (2) മനുഷ്യക്കടത്തും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനവും അവസാനിപ്പിക്കൽ

ശ്രീ. അനൂപ് ജേക്കബ്: വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾ മുഖാന്തരം വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നവർ തൊഴിൽ-ലൈംഗിക ചൂഷണങ്ങൾക്കും നിർബന്ധിത അവയവമാറ്റത്തിനും ഇരയാകുന്നുണ്ട്. മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട കേസുകളിൽ വർദ്ധനവുണ്ടാകുന്നതായി കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. മനുഷ്യക്കടത്ത് തടയുന്നതിനായി രൂപീകരിച്ച കേന്ദ്ര നിയമത്തിലെ ന്യൂനതകൾ

പരിഹരിക്കേണ്ടതുണ്ട്. വിദേശത്ത് ജോലിക്ക് പോകുന്നവർക്കായി ഓറിയന്റേഷൻ ക്ലാസ് നടത്തുകയും ചതിയിൽപ്പെട്ട് തിരികെയെത്തുന്ന പ്രവാസി തൊഴിലാളികളുടെ പുനരധിവാസത്തിന് ഊന്നൽ നൽകുകയും വേണം. റിക്രൂട്ടിംഗ് ഏജൻസികളുടെ രജിസ്ട്രേഷന് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ നോർക്ക റൂട്ട്സിന്റെ ഇടപെടലുണ്ടാകണം. തീരദേശം വഴിയുള്ള മനുഷ്യക്കടത്ത് തടയാൻ തീരദേശ ജാഗ്രതാ സമിതികളെ കൂടുതൽ കാര്യപ്രാപ്തിയിലെത്തിക്കുകയും സൈബർ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് മനുഷ്യക്കടത്ത് തടയുന്നതിന് കേന്ദ്ര സർക്കാരുമായി സഹകരിച്ച് കർശന നിരീക്ഷണ സംവിധാനം ഒരുക്കിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് ഐ.ജി നോഡൽ ഓഫീസറായി സ്റ്റേറ്റ് സെല്ലും എല്ലാ പോലീസ് ജില്ലകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റും പ്രവർത്തിച്ചുവരികയാണ്. തീരദേശം, വിമാനത്താവളം എന്നിവിടങ്ങളിലൂടെയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾക്കനുസൃതമായി സത്വര നടപടി സ്വീകരിക്കുന്നതോടൊപ്പം സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ടിംഗ് തട്ടിപ്പുകൾ തടയുന്നതിന് സൈബർ വിഭാഗത്തിന്റെ സേവനവും

പ്രയോജനപ്പെടുത്തുന്നുണ്ട്. എല്ലാത്തരം വിദേശ റിക്രൂട്ട്മെന്റുകളും ഇ-മൈഗ്രേറ്റ് സിസ്റ്റത്തിലേയ്ക്ക് മാറ്റുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചാൽ മാത്രമേ ഗാർഹിക ജോലിയിലുൾപ്പെടെയുള്ള ചൂഷണം തടയാൻ സാധിക്കുകയുള്ളൂ. വ്യാജ റിക്രൂട്ട്മെന്റ്, മനുഷ്യക്കടത്ത് എന്നിവയിലൂടെ വിദേശത്ത് കുടുങ്ങിപ്പോകുന്നവരെ നാട്ടിലെത്തിക്കുന്നതിനും ഇത്തരം തട്ടിപ്പുകൾക്കെതിരെയുള്ള ബോധവത്കരണത്തിനും നോർക്ക വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പരാതികളിൽ കർശന നടപടി സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ ശുഭയാത്ര' എന്ന ദൗത്യം ആരംഭിക്കുന്നതാണ്.

## III. സബ്മിഷൻ

### 1. ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ഒറ്റപ്പാലം നഗരസഭയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തി തുക അനുവദിക്കുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് സ്ലക്ച്ചേഴ്സ് ഇന്ത്യ എന്ന

സ്ഥാപനത്തിന് ടെണ്ടർ നൽകുകയും പ്രൈസ് ട്രീ സോഫ്റ്റ്‌വെയറിൽ 2018-ലെ നിരക്കനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## 2. നെയ്യാർ സഫാരി പാർക്കിന്റെ പ്രവർത്തനം

ശ്രീ. സി. കെ. ഹരീന്ദ്രൻ: നെയ്യാർ ഡീർ പാർക്കിനോട് ചേർന്നുകിടക്കുന്ന വനഭൂമിയിൽനിന്ന് ആവശ്യമായ സ്ഥലമേറ്റെടുത്ത് ലയൺ സഫാരി പാർക്ക് വിപുലീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മാംസഭോജികളായ മൃഗങ്ങളെ ഉൾക്കൊള്ളിച്ച് സഫാരി പാർക്ക് നടത്തുന്നതിനുള്ള സൗകര്യം നെയ്യാർ ലയൺ സഫാരി പാർക്കിനില്ലെന്ന കാരണത്താൽ അംഗീകാരം കേന്ദ്ര മൃഗശാല അതോറിറ്റി പാർക്കിനുള്ള അംഗീകാരം റദ്ദാക്കിയിരിക്കുകയാണ്. നെയ്യാർ ഡീർ പാർക്കിനോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് ലയൺ സഫാരി പാർക്ക് ആരംഭിക്കാൻ സാധിക്കുമോയെന്ന കാര്യത്തിൽ പഠനം നടത്തി അനന്തര നടപടി സ്വീകരിക്കുന്നതാണ്.

3. <u>വിദേശ പഠനത്തിന് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായം</u>

<u>ശ്രീ. വി. ശശി</u>: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് നൽകുന്ന ധനസഹായത്തിന്റെ ഒന്നാം ഗഡു അഡ്വാൻസായി നൽകണമെന്ന സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): വിദേശ പഠനത്തിനയച്ച എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായം മുൻകൂറായി നൽകണമെന്ന ആവശ്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

4. <u>ചാവറയച്ചനെക്കുറിച്ചുള്ള പാഠഭാഗം ഒഴിവാക്കിയ നടപടി</u>

<u>ശ്രീ. പി. ജെ. ജോസഫ്</u>: ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പുസ്തകത്തിലെ നവോത്ഥാന നായകരുടെ ലിസ്റ്റിൽനിന്ന് ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെ ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കുകയും അടുത്ത അദ്ധ്യയനവർഷം ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ പാഠപുസ്തക നയരേഖയുടെ അടിസ്ഥാനത്തിൽ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയ പാഠപുസ്തകങ്ങളാണ് 2014 മുതൽ ഉപയോഗിച്ചുവരുന്നത്. ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്ര പുസ്തകത്തിൽ യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെ പ്രസ്തുത പുസ്തകത്തിൽ നിന്നും ഒഴിവാക്കിയെന്ന പ്രചാരണം തെറ്റിദ്ധാരണാജനകവും അടിസ്ഥാനരഹിതവുമാണ്.

## 5. മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപ്പാസ്, മൂവാറ്റുപുഴ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം

ഡോ. മാത്യു കുഴൽനാടൻ: കിഫ്ബിയിലുൾപ്പെടുത്തി മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപ്പാസ്, മൂവാറ്റുപുഴ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം ത്വരിതപ്പെടുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): മൂവാറ്റുപുഴ-കടാതി-കാരക്കുന്നം ബൈപ്പാസിന് ഭൂമി ഏറ്റെടുക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. മൂവാറ്റുപുഴ സ്റ്റേഡിയം നിർമ്മാണപ്രവൃത്തി രണ്ടുതവണ ടെണ്ടർ ചെയ്തെങ്കിലും അന്തിമതീരുമാനമായിട്ടില്ല. പദ്ധതി നിർവ്വഹണ ഏജൻസി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## 6. തവനൂർ-തിരുനാവായ പാലത്തിന്റെ നിർമ്മാണം

ഡോ. കെ. ടി. ജലീൽ: തവനൂർ-തിരുനാവായ പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തിരുനാവായ-തവനൂർ പാലം നിർമ്മാണത്തിനായി ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കി പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ യു.എൽ.സി.സി.എസ്. ലിമിറ്റഡ് കുറഞ്ഞ തുക ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത കമ്പനിക്ക് Letter of Acceptance (LOA) നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സാധൂകരണത്തിനായി ആർ.ബി.ഡി.സി.കെ. നൽകിയ അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## 7. വെങ്ങോല ശാലേം-ഊട്ടിമറ്റം, മണ്ണൂർ-പോഞ്ഞാശ്ശേരി റോഡുകളുടെ നവീകരണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ മണ്ഡലത്തിലെ വെങ്ങോല ശാലേം-ഊട്ടിമറ്റം, മണ്ണൂർ-പോഞ്ഞാശ്ശേരി റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാനും ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിൽ പെരുമ്പാവൂർ മണ്ഡലത്തിലെ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വെങ്ങോല ശാലേം-ഊട്ടിമറ്റം റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന കാര്യം ധനലഭ്യതയ്ക്കനുസരിച്ച് തീരുമാനിക്കുന്നതാണ്. മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വർക്ക് ടെർമിനേറ്റ് ചെയ്യുകയുണ്ടായി. ബാക്കി പ്രവൃത്തിക്ക് 73.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനാവുന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്.

## 8. മൂവാറ്റുപുഴ-കാക്കനാട് നാലുവരിപ്പാത

ശ്രീ. പി. വി. ശ്രീനിജിൻ: മൂവാറ്റുപുഴ-കാക്കനാട് റോഡ് നാലുവരിപ്പാതയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മൂവാറ്റുപുഴ-കാക്കനാട് റോഡ് നാലുവരി പാതയാക്കുന്നതിനുള്ള ഭരണാനുമതി രണ്ട് വർഷത്തേക്കുകൂടി പുതുക്കി നൽകിയിട്ടുണ്ട്. പ്രസ്തുത പാത വനംവകുപ്പിന്റെ ഭൂമിയിലൂടെ

കടന്നുപോകുന്നതിനാൽ വനം വകുപ്പ് അനുവദിക്കുന്നമുറയ്ക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

9. ക്ഷീരമേഖലയിലെ ക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. കെ. പി. മോഹനൻ: ക്ഷീരകർഷകർക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്യാനും പാലിന്റെ സബ്സിഡി തുക വർദ്ധിപ്പിക്കാനും ക്ഷീര ഓഫീസുകളിൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കാനും അങ്കണവാടികൾക്കാവശ്യമായ പാൽ പ്രാഥമിക ക്ഷീര സംഘങ്ങളിൽ നിന്ന് വാങ്ങാനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നാണ് അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നത്. അംശദായമായി അടയ്ക്കുന്ന തുക തിരികെ നൽകാൻ വ്യവസ്ഥയില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരമേഖലയെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ നൽകിയ നിവേദനത്തിന്മേൽ അനുകൂല നടപടിയുണ്ടായിട്ടില്ല. കാലിത്തൊഴുത്ത്

നിർമ്മാണം, തീറ്റപ്പുൽ കൃഷി, അസോളാ ടാങ്ക് നിർമ്മാണം തുടങ്ങിയ ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ നിലവിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ നഗരപ്രദേശങ്ങളിൽ രണ്ട് കന്നുകാലികളിൽ കൂടുതലുള്ള അവശതയനുഭവിക്കുന്ന ക്ഷീരകർഷകരെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം നൽകിവരുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി ജൂലൈ മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അങ്കണവാടികൾക്കാവശ്യമായ പാൽ ക്ഷീരസംഘങ്ങളിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

10. <u>അനുമോദന ചടങ്ങിൽ നിന്നും ടീം ഫിസിയോയെ ഒഴിവാക്കിയ നടപടി</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സന്തോഷ് ട്രോഫി ജേതാക്കളെ അനുമോദിക്കുന്ന ചടങ്ങിൽനിന്നും ടീം ഫിസിയോയെ ഒഴിവാക്കിയ നടപടി അന്വേഷിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): മഞ്ചേരിയിൽനടന്ന സന്തോഷ്ട്രോഫി മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരള ടീമിലെ മുഖ്യപരിശീലകനും 20 കളിക്കാർക്കും അഞ്ച് ലക്ഷം രൂപ വീതവും അസിസ്റ്റന്റ് പരിശീലകനും മാനേജർക്കും 3 ലക്ഷം രൂപ വീതവും പാരിതോഷികം നൽകുകയുണ്ടായി.

ശിപാർശ പ്രകാരം ലഭ്യമായ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് തുക വിതരണം ചെയ്തത്.

## IV. റിപ്പോർട്ടുകളുടെ സമർപ്പണം

(1) VIII, X, XI, XII എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

(2) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

(3) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## V. സഭാ രേഖയിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ശ്രീമതി കെ. കെ. രമയെക്കുറിച്ച് ശ്രീ. എം. എം. മണി നടത്തിയ പരാമർശം പിൻവലിക്കുന്നതിന് തയ്യാറാകാത്ത സാഹചര്യത്തിൽ റൂൾ 307 പ്രകാരം സഭാരേഖകളിൽ നിന്നും

നീക്കം ചെയ്യുന്നതിന് ബഹുമാനപ്പെട്ട ചെയർ തയ്യാറാകണം.

## VI. ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും

(1535,43,25,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം

(545,10,45,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

(2332,93,96,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ

ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് ധനസഹായം അനുവദിച്ചതും നെൽകൃഷി വികസന പദ്ധതികൾക്കായി 107.10 കോടി രൂപ ചെലവഴിച്ചതും നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 4.566 ടൺ കൈവരിക്കാൻ കഴിഞ്ഞതും സർക്കാരിന്റെ നേട്ടങ്ങളാണ്. 'കേരഗ്രാമം' പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം. 2024-ഓടെ മുഴുവൻ വീടുകളിലും ശുദ്ധജലവിതരണം സാദ്ധ്യമാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മണലൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകൾ നവീകരിക്കണം.

<u>ശ്രീമതി ഉമ തോമസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജലസംരക്ഷണത്തിനും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കാത്തത് പ്രതിഷേധാർഹമാണ്. കർഷകർ അഭിമുഖീകരിക്കുന്ന

പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കർഷകരിൽനിന്ന് ഹോർട്ടികോർപ്പ് സമാഹരിച്ച ഉൽപ്പന്നങ്ങൾക്ക് ന്യായവില നൽകാനും തയ്യാറാകണം. തൃക്കാക്കര നിയോജകമണ്ഡലത്തിലെ വെള്ളക്കെട്ടും ശുദ്ധജല ദൗർലഭ്യവും പരിഹരിക്കുന്നതിനും ആലുവയിലെ 190 എം.എൽ.ഡി. ജലശുദ്ധീകരണ പ്ലാന്റ് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. തെങ്ങോട് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. കൊച്ചി കോർപ്പറേഷൻ പരിധിയിലെ കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. എസ്. സുപാൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 12 ലക്ഷത്തിലധികം പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയതും ജൽജീവൻ പദ്ധതി ഫലപ്രദമാക്കിയതും കുടിവെള്ള വിതരണത്തിനായി 39000 കോടി രൂപയുടെ ഭരണാനുമതി നൽകിയതും ജലവിഭവ വകുപ്പിന്റെ കാര്യക്ഷമത വ്യക്തമാക്കുന്നതാണ്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുള്ള വീടുകളിൽ സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പുനലൂർ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ആവിഷ്കരിച്ചതും കൃഷിഭവനുകൾ സ്മാർട്ടാക്കാൻ തീരുമാനിച്ചതും കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചതും ശ്രദ്ധേയമാണ്. പഴം-പച്ചക്കറി ഉൾപ്പെടെയുള്ളവയ്ക്ക് താങ്ങുവില ഏർപ്പെടുത്തിയതും കർഷക കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തിയതും റബ്ബർ കർഷകർക്ക് ധനസഹായം നൽകിയതും നെല്ല് സംഭരണത്തിന് സംവിധാനമേർപ്പെടുത്തിയതും സർക്കാരിന്റെ ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് രൂപീകരിക്കണം. സംസ്ഥാനതലത്തിൽ ഉദ്യാനകർഷകരുടെ കൺസോർഷ്യം രൂപീകരിക്കുന്നതിനും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. കെ. പി. എ. മജീദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുടിവെള്ളവിതരണ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കി കുടിവെള്ളക്ഷാമം പരിഹരിക്കണം. കടൽവെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് പദ്ധതികളാവിഷ്കരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗശൂന്യമായ ഭൂമി കുടിവെള്ള പദ്ധതികൾക്ക് വിട്ടുകിട്ടുന്നതിനും തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് കുടിവെള്ള

പദ്ധതികൾ നടപ്പിലാക്കാൻ ഫണ്ട് ലഭ്യമാക്കുന്നതിനും കാർഷികാവശ്യങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ലിന്റോ ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന കാമ്പയിൻ ആരംഭിച്ചതും തരിശുനിലങ്ങളെ കൃഷിയോഗ്യമാക്കിയതും 'വിത്ത് മുതൽ വിപണി വരെ' പദ്ധതി പ്രാവർത്തികമാക്കിയതും കൃഷി വകുപ്പിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. വെള്ളരിക്ക, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുന്നതിന് നടപടിയുണ്ടാകണം. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചതും കേരഗ്രാമം പദ്ധതി നടപ്പാക്കിയതും അഭിനന്ദനാർഹമാണ്. വിളനാശത്തിനുള്ള ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുന്നതിനും ഫീൽഡ് വെരിഫിക്കേഷനുള്ള സമയം ദീർഘിപ്പിക്കുന്നതിനും മലയോര മേഖലയിലെ കൃഷിയിടങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വൃത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം. വില വർദ്ധനവ് പിടിച്ചുനിർത്താൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സ്വാഗതാർഹമാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനും സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ശുദ്ധജല പരിശോധനാ ലാബുകളുടെ എണ്ണം വർദ്ധിപ്പിക്കണം. 'ഞങ്ങളും കൃഷിയിലേയ്ക്ക്' കാമ്പയിനിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനായതും തീരദേശ സംരക്ഷണം യാഥാർത്ഥ്യമാക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തിന് ഊന്നൽ നൽകുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ആധുനിക സാങ്കേതിക സഹായത്തോടെ കാർഷിക രീതികൾ അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ വർക്കുകൾ ടെണ്ടർ ചെയ്യുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിനും നടപടി സ്വീകരിക്കണം. അഞ്ചൽപ്പെട്ടി-പാമ്പാക്കുട റോഡിലെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിൽ വകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും പ്രളയാനന്തരം തകർന്ന മൂവാറ്റുപുഴയാറിന്റെ തീരം

സംരക്ഷിക്കുന്നതിനും കൃഷിനാശത്തിന് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിനും ഉൽപ്പാദന ചെലവിനാനുപാതികമായി നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും തയ്യാറാകണം. ദുരിതാശ്വാസ ധനസഹായ നിരക്കുകളിലെ അശാസ്ത്രീയത പരിഹരിക്കണം. തമിഴ്നാട്ടിൽനിന്ന് പച്ചക്കറി സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. സംഭരിച്ച പച്ചക്കറിയുടെ വില യഥാസമയം നൽകുന്നതിനും നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കർഷകക്ഷേമനിധി ബോർഡ് രൂപീകരിച്ചതും പ്രകൃതി ക്ഷോഭം/വന്യമൃഗാക്രമണം എന്നിവയാലുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കാട്ടുപന്നികളെ വെടിവച്ച് കൊല്ലാനുള്ള അധികാരം നൽകിയതും ആശ്വാസകരമാണ്. 16 ഇനം പച്ചക്കറികൾക്ക് തറവില നിശ്ചയിച്ചതും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചതും കേരഗ്രാമം, സുഭിക്ഷ കേരളം തുടങ്ങിയ പദ്ധതികളാവിഷ്കരിച്ചതും തരിശുഭൂമിയിൽ കൃഷി വ്യാപകമാക്കിയതും കർഷകർക്ക് ആശ്വാസകരമാണ്. കൃഷി ഓഫീസർമാർക്ക് കൃഷിയിടങ്ങളിലും

കൃഷിക്കാർക്കൊപ്പവും പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കണം. നെൽകർഷകർക്ക് ഉൽപ്പാദന ബോണസ് അനുവദിക്കുന്നതിനും നെൽവയൽ ഉടമകൾക്ക് റോയൽറ്റി ഏർപ്പെടുത്തുന്നതിനും നെൽവയലുകളുടെ വിസ്തൃതി/നെല്ലുൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി ഉൽപ്പാദനരംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഉൽപ്പാദന കേന്ദ്രങ്ങളിൽ നാളികേരം ശേഖരിക്കാനുള്ള സംവിധാനമൊരുക്കുകയും കുറ്റ്യാടി തേങ്ങ/തെങ്ങിൻ തൈ എന്നിവ ബ്രാൻഡ് ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കുകയും വിത്തുതേങ്ങ ശേഖരണ മേഖലകളിൽത്തന്നെ നഴ്സറി സ്ഥാപിച്ച് അവ മുളപ്പിക്കുന്നതിന് സംവിധാനമൊരുക്കുകയും വേണം. സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനത്തിലൂടെ കുറ്റ്യാടി ജലസേചന പദ്ധതിയെ സംരക്ഷിക്കണം.

ശ്രീമതി യു. പ്രതിഭ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നെൽകൃഷി വ്യാപിപ്പിക്കുകയും തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുകയും ചെയ്തതിലൂടെ കാർഷിക മേഖലയിൽ മുന്നേറ്റം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഞങ്ങളും കൃഷിയിലേയ്ക്ക്, കൃഷിക്കൂട്ടങ്ങൾ എന്നീ പദ്ധതികൾ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. പാട്ടകൃഷിക്കാർക്ക് വിള

ഇൻഷ്വറൻസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം. കൃഷി, ഇറിഗേഷൻ വകുപ്പുകളുടെ മേൽനോട്ടത്തിൽ പുറംബണ്ട് കല്ലുകെട്ടി സംരക്ഷിക്കുന്നതിനും ബണ്ട് ഉയർത്തിക്കെട്ടുന്നതിനും നടപടി സ്വീകരിക്കണം. തരിശുഭൂമിയിൽ കൃഷി നടത്തുന്നുണ്ടെന്നും ഭാവിയിൽ തരംമാറ്റുന്നില്ലെന്നും ഉറപ്പുവരുത്തുന്നതോടൊപ്പം കാർഷികോല്പന്നങ്ങൾക്ക് കൃത്യമായ വിപണി ഉറപ്പാക്കുകയും വേണം. പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെയും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചും ജൽജീവൻ മിഷൻ പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുകയും ശുചീകരണ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും വേണം.

ശ്രീ. ടി. ജെ. വിനോദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൊച്ചി നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലുൾപ്പെടെ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കണം. എറണാകുളം ജില്ലയിലെ ജനപ്രതിനിധികൾ/ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് അമൃത് പദ്ധതിയിലെ വീഴ്ചകൾ പരിഹരിക്കുകയും പദ്ധതിപ്രവർത്തനം ഊർജ്ജിതമാക്കുകയും വേണം. ജീവനക്കാരുടെ അഭാവംമൂലം ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളുൾപ്പെടെ കെട്ടിക്കിടക്കുന്ന സ്ഥിതിക്ക് പരിഹാരം കാണണം.

കനാലുകളിലെ എക്കൽ നീക്കം ചെയ്യുന്നതിനും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേയ്ക്ക് റെയിൽപ്പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സം പരിഹരിക്കുന്നതിനും മുൻകയ്യെടുക്കണം.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൻകിട ജലസേചന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ, അന്തർ സംസ്ഥാന നദീജല പദ്ധതികൾക്ക് നൽകുന്ന മുൻഗണന, ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കുള്ള ശിക്ഷാനടപടികൾ കർശനമാക്കാനുള്ള തീരുമാനം, മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് അനുമതി തേടൽ തുടങ്ങിയ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ വകുപ്പ് നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. നദികളിലും പുഴകളിലും അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിലാക്കണം. മഴവെള്ള സംഭരണം വ്യാപകമാക്കുന്നതിനും ഭൂഗർഭ ജലപരിപോഷണം ഉറപ്പാക്കുന്നതിനും ജല സംരക്ഷണ ഉപമിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. പെരിയാർവാലി, മൂവാറ്റുപുഴവാലി, ഇടമലയാർ ജലസേചന പദ്ധതികളുടെ ഭാഗമായ കനാൽ ബണ്ട് റോഡ് പുനരുദ്ധരിക്കാനും ജൽജീവൻ പദ്ധതിയുടെ

പൂർത്തീകരണത്തിലുള്ള തടസ്സങ്ങൾ നീക്കാനും മുൻഗണന നൽകണം. കുടുംബശ്രീ നടത്തുന്ന അഗ്രി ന്യൂട്രി ഗാർഡൻ പോലുള്ള പദ്ധതികളെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയുമായി സംയോജിപ്പിച്ച് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ചൊവ്വര നവീകരണ പദ്ധതി ഊർജ്ജിതമാക്കുന്നതിനും മുളവുകാട് പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകുന്നതിനും തയ്യാറാകണം. സംസ്ഥാന ജലനയം ആവിഷ്കരിക്കാൻ മുൻകയ്യെടുക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട് ആരംഭിച്ച പദ്ധതികൾ പലതും ഫലപ്രദമായി നടപ്പാക്കാനാകാത്ത സാഹചര്യത്തിൽ ഈ മേഖലയിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുന്നതിനും എല്ലാവരെയും കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനുപകരം കൃഷിയിൽ താൽപ്പര്യമുള്ളവരെ മാത്രം ആകർഷിക്കാനും അവരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കാനും നടപടിയുണ്ടാകണം. വ്യാപകമായി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൃഷി ഓഫീസർമാരുടെ സേവനം ഉറപ്പാക്കുകയും കാർഷികോത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിദേശത്തേയ്ക്ക്

കയറ്റുമതി ചെയ്യുന്നതിനുള്ള അവസരമൊരുക്കുകയും വേണം. വൈപ്പിനിലും കൊച്ചിയിലും കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2016 വരെ കർഷകർക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുകൊടുക്കാനും കർഷകരെ അവഗണിക്കുന്ന നയം തിരുത്താനും നടപടിയുണ്ടാകണം.

ശ്രീ. പി. ബാലചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന മുദ്രാവാക്യത്തിലൂടെ കാർഷികമേഖലയിൽ അത്ഭുതാവഹമായ മാറ്റമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞു. കാർഷികസർവ്വകലാശാല ഗവേഷണ/അക്കാദമിക് രംഗത്തുണ്ടാക്കിയ നേട്ടങ്ങൾമൂലം കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിലത്തകർച്ചയും വിപണിയിലെ പ്രശ്നങ്ങളും കാരണം കാർഷികമേഖലയിൽ നിന്ന് കർഷകർ പിന്മാറുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഈ മേഖലയിൽ ഇച്ഛാശക്തിയോടെ ഇടപെട്ടത് സ്വാഗതാർഹമാണ്. കാർഷിക മേഖലയിൽ കാർബൺ ന്യൂട്രൽ കൃഷി രീതി നടപ്പിലാക്കിയതും 'ഞങ്ങളും കൃഷിയിലേയ്ക്ക്'

എന്ന പദ്ധതിയിലൂടെ പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചതും നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചതും ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കിയതും നെല്ല് സംഭരണം ഊർജ്ജിതമാക്കിയതും ശ്രദ്ധേയമാണ്. ഒരു വർഷംകൊണ്ട് പത്ത് ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മൂന്നാംകടവിൽ ഒരു മിനി ഡാം നിർമ്മിക്കാനും അജാനൂർ പഞ്ചായത്തിൽ ചിറ്റാരി റെഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കാനും കാസർഗോഡ്-കണ്ണൂർ ജില്ലകളിൽ മഴക്കെടുതിയും വന്യമൃഗാക്രമണവുംമൂലം കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നദികളുടെ സംരക്ഷണത്തിനായി പ്രഖ്യാപിച്ച ജലനയം നടപ്പിലാക്കാത്തത് ഖേദകരമാണ്. കാലാവസ്ഥ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ യഥാസമയം നേരിടുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കിണറുകൾ റീചാർജ്ജ് ചെയ്യാനും മാലിന്യമുക്തമാക്കാനും മഴനിഴൽ പ്രദേശത്ത് വെള്ളം ലഭ്യമാക്കാനും വെള്ളപ്പൊക്കം നിയന്ത്രിക്കാൻ ഡച്ച് മാതൃകയിൽ 'റൂം ഫോർ റിവർ' പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട് വേണ്ടത്ര ഇടപെടൽ

നടത്താത്തതും പുതിയ ഡാം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കാത്തതും പ്രതിഷേധാർഹമാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഇറിഗേഷൻ വകുപ്പിനെ കർഷക സൗഹൃദ വകുപ്പാക്കി മാറ്റാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നെല്ലിന്റെയും നാണ്യവിളകളുടെയും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ഗുണപ്രദമായ സ്വാധീനം ചെലുത്താനും ജലസേചന പദ്ധതി വിപുലപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടാനും ജലസേചന വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. കൃഷിഭൂമിയിൽ ആവശ്യത്തിന് ജലം ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് എല്ലാ ജലസ്രോതസ്സുകളും പ്രയോജനപ്പെടുത്താനുള്ള ശ്രമം നടത്തുന്നത്. മികച്ച വിളവ്, ജലത്തിന്റെ കാര്യക്ഷമമായ ഉപഭോഗം, കൃഷിച്ചെലവ് കുറയ്ക്കൽ എന്നിവ ലക്ഷ്യമിട്ട് സാമൂഹ്യാധിഷ്ഠിത മൈക്രോ ഇറിഗേഷൻ അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ ജലസേചന മേഖലയിൽ നടപ്പാക്കിവരുന്നു. ബാണാസുരസാഗർ, കാരാപ്പുഴ, ഇടമലയാർ, പഴശ്ശി തുടങ്ങിയ പദ്ധതികൾ 2025-ഓടുകൂടി കമ്മീഷൻ ചെയ്യുന്നതാണ്. കെ. എം. മാണി ഊർജ്ജിത കാർഷിക ജലസേചന പദ്ധതി ഈ വർഷംതന്നെ വിവിധ പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനായി 14 കോടി രൂപ കണ്ടെത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്നതാണ് കേരളത്തിന്റെ ആത്യന്തികമായ ആവശ്യം. മുല്ലപ്പെരിയാർ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാൻ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സുരക്ഷകൂടി കണക്കിലെടുത്ത് തമിഴ്നാടിനാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുകയെന്നതാണ് സർക്കാർ നിലപാട്. നദികൾ ഡീസിൽറ്റ് ചെയ്തതിന്റെ ഫലമായി വെള്ളപ്പൊക്കം ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ചെല്ലാനത്ത് സ്ഥിരം കടൽഭിത്തി നിർമ്മിക്കാനുള്ള സ്കീം നടപ്പാക്കുന്നതിനായി 344 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ഏതാണ്ട് 30% പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി സ്ഥിരം കടൽഭിത്തി നിർമ്മിക്കുന്നതിന് 1500 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശംഖുംമുഖം, കൊല്ലങ്കോട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സ്ഥിരം കടൽഭിത്തി നിർമ്മാണം തുടരുന്നതാണ്. തോട്ടപ്പള്ളി

സ്പിൽവേയിലൂടെ നിർഗമിക്കുന്ന ജലം തടസ്സമില്ലാതെ ഒഴുക്കിവിടാൻ കഴിഞ്ഞതിനാൽ കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് ആശ്വാസം വന്നിട്ടുണ്ട്. മീനച്ചിൽ റിവർവാലി പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കോട്ടയം ജില്ലയിൽ നിലവിലുള്ള ജലക്ഷാമത്തിന് പരിഹാരം കാണുന്നതാണ്. ഇറിഗേഷൻ മ്യൂസിയം യാഥാർത്ഥ്യമാക്കുന്നതോടൊപ്പം ഇടുക്കി ആർച്ച് ഡാമിന്റെ സമീപത്ത് ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായുള്ള പദ്ധതിയും നടപ്പിലാക്കും. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് എം.എൽ.എ.-മാരുടെ ഭാഗത്ത് നിന്ന് ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. മൂന്നുവർഷംകൊണ്ട് 40 ലക്ഷം പുതിയ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതോടൊപ്പം മുഴുവൻ വീടുകളിലും ശുദ്ധജല വിതരണം സാദ്ധ്യമാക്കും. ജൽജീവൻ മിഷൻ യാഥാർത്ഥ്യമാക്കുന്നതിന് 41,546 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ജല ഗുണനിലവാര പരിശോധനാ ലാബ് കാര്യക്ഷമമാക്കുന്നതോടൊപ്പം സ്കൂളുകളിലെ ഭക്ഷണപാചകത്തിനായുള്ള ജലം മുൻഗണനാടിസ്ഥാനത്തിൽ പരിശോധന നടത്തുന്നതുമാണ്. കുടിവെള്ള പദ്ധതികളുടെ ഭാഗമായി കുഴിക്കുന്ന റോഡുകൾ സമയബന്ധിതമായി പുനഃസ്ഥാപിക്കുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതി പുനർനിർമ്മിക്കാൻ നടപടി

സ്വീകരിക്കുന്നതാണ്. കുട്ടനാട്ടിലെ ശുദ്ധജലലഭ്യത ഉറപ്പാക്കുന്നതിന് 300 കോടി രൂപയുടെ പദ്ധതി യാഥാർത്ഥ്യമാക്കും. 'അമൃത്' പദ്ധതിയുൾപ്പെടെ പ്രയോജനപ്പെടുത്തി വൈപ്പിൻ, കൊച്ചി, തൃക്കാക്കര നിയോജകമണ്ഡലങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തും. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി പഞ്ചായത്തുകൾ തനത്/പ്ലാൻ ഫണ്ട് വിനിയോഗിക്കേണ്ടതാണ്. വൈക്കം, പുനലൂർ നിയോജകമണ്ഡലങ്ങളിലെ ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതാണ്. ടോപ്പ്-അപ്പ് സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമോയെന്നകാര്യം പരിശോധിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും സംഭരണ-വിതരണ-വിപണന മേഖലകളിൽ കാര്യക്ഷമമായി ഇടപെടാനും കഴിഞ്ഞിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതി ഫലപ്രദമായി വിനിയോഗിച്ച് സുസ്ഥിരവും കാലാവസ്ഥാനുപൂരകവുമായ കാർഷിക മേഖല സൃഷ്ടിക്കുന്നതിന് വിഷൻ 2026 രൂപകൽപ്പന ചെയ്തിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്ന പദ്ധതിയുടെ ഭാഗമായി 24500 കൃഷിക്കൂട്ടങ്ങൾക്ക് രൂപം കൊടുക്കാൻ

കഴിഞ്ഞിട്ടുണ്ട്. കൃഷിയിടങ്ങൾ അടിസ്ഥാനമാക്കിയുള്ള കൃഷിരീതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതാണ്. വാർഡുതലം മുതൽ സംസ്ഥാനതലംവരെ ക്രോഡീകരിക്കുന്ന ഉല്പാദന-വിളനിർണ്ണയ-വിപണന രേഖ അടിസ്ഥാനമാക്കി പ്രത്യേക കലണ്ടർ തയ്യാറാക്കുന്നതാണ്. രാസവിമുക്തമായതും ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതുമായ സുരക്ഷിതഭക്ഷണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ 600 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ കൃഷി ചെയ്യാനും മൂല്യവർദ്ധിത സംസ്കരണ യൂണിറ്റ് സജ്ജമാക്കാനും തീരുമാനിച്ചിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട 'എയിംസ് 'പോർട്ടലിന്റെ പുതിയ വെർഷന് രൂപം കൊടുക്കുകയും കൃഷിയിടങ്ങളിൽവച്ചുതന്നെ ഓഫീസ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിലുള്ള മൊബൈൽ ആപ്പുകളും സോഫ്റ്റ്‌വെയറുകളും കൃഷി ഓഫീസർമാർക്ക് നൽകുകയും കൃഷിഭവനുകൾ സ്മാർട്ടാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ചക്ക, മാങ്ങ, തേങ്ങ, കൈതച്ചക്ക തുടങ്ങി തെരഞ്ഞെടുത്ത വിളകളുടെ വിസ്തൃതി-ഉല്പാദന-വിപണന-മൂല്യവർദ്ധനവിനും പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും ലക്ഷ്യമിടുന്നുണ്ട്. പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയ സംരംഭങ്ങൾക്ക് പ്രത്യേക പ്രാധാന്യം

നൽകുന്നതാണ്. നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും റോയൽറ്റി 3,000 രൂപയായി ഉയർത്തുകയും നെല്ല് സംഭരണത്തിന് ഊന്നൽ കൊടുക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തരിശുകൃഷിക്കായി കർഷകർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുകയും സോഷ്യൽ ഓഡിറ്റിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2021-22-ൽ 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹോർട്ടികൾച്ചർ മിഷന്റെ ഭരണപരമായ ചെലവ് കേന്ദ്ര പദ്ധതികളിൽനിന്നും കണ്ടെത്തുന്നതാണ്. സ്മാർട്ട് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയും കൃഷിക്ക് ജലലഭ്യത ഉറപ്പാക്കുന്നതിന് ജലസേചന വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്ക് 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും കർഷകർക്ക് 21.25 കോടി രൂപ കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തിട്ടുണ്ട്. അഴിമതി നടത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം കൃഷി ഭവനുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും ജനപ്രതിനിധികളെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന്

അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**അപരാഹ്ന സമ്മേളനം**

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

(368,26,07,000 രൂപ)

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV - വനം

(544,37,07,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ജനകീയ ബാങ്കിംഗ് മേഖല തകരാതെ മുന്നോട്ടുപോകാൻ കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ സാധിച്ചിട്ടുണ്ട്. നിക്ഷേപം, വായ്പ, പ്രവർത്തന ലാഭം തുടങ്ങിയവയിൽ വളർച്ച കൈവരിക്കാനും നിഷ്ക്രിയാസ്തി കുറയ്ക്കാനും സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. നബാർഡിൽനിന്നുള്ള കാർഷിക പുനർവായ്പാ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കാനും കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് തുക എത്തിക്കാനും കേരളാ ബാങ്കിലൂടെ സാധിച്ചിട്ടുണ്ട്. മലപ്പുറം സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കണം. കോവിഡ് പ്രതിസന്ധിമൂലം തൊഴിലും ഉപജീവന മാർഗ്ഗവും

നഷ്ടപ്പെട്ടവർക്ക് വായ്പാബന്ധിതമായ തൊഴിൽ പദ്ധതികളാരംഭിക്കാൻ കേരളാ ബാങ്കിന് സാധിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് അപെക്സ് ബാങ്കുമായി നടത്തുന്ന നിക്ഷേപങ്ങളിൽ ലഭിക്കുന്ന പലിശയ്ക്ക് ആദായനികുതി നൽകണമെന്ന നോട്ടീസിന്മേൽ ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സഹകാരികൾക്ക് അനുകൂലമാക്കാൻ ശ്രമിക്കണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖലയിലെ ജനാധിപത്യവും വിശ്വാസവും തകർക്കുന്നതിനും ഭരണസമിതികളെ വരുതിയിലാക്കുന്നതിനുമാണ് സഹകരണ നിയമത്തിൽ പലപ്പോഴായി ഭേദഗതികൾ വരുത്തിയിട്ടുള്ളത്. വനപ്രദേശത്തിന് ചുറ്റുമുള്ള ജനവാസ കേന്ദ്രങ്ങളൊഴിവാക്കി സംരക്ഷിത മേഖലയ്ക്കുചുറ്റും ഇക്കോ സെൻസിറ്റീവ് മേഖലയായി പ്രഖ്യാപിക്കുന്നതുസംബന്ധിച്ച 2019-ലെ ഉത്തരവിലെ തെറ്റുകൾ തിരുത്തുകയും ആറളം ആദിവാസി മേഖലയിലെ കാട്ടാനശല്യം തടയുന്നതിനായി ആന കിടങ്ങ്/പ്രതിരോധ മതിൽ നിർമ്മിക്കാനുള്ള തീരുമാനം നടപ്പിലാക്കുകയും വേണം. കൃഷിക്കും മനുഷ്യജീവനുമുൾപ്പെടെ ഭീഷണിയാകുന്ന കാട്ടുപന്നിയുടേയും കുരങ്ങിന്റേയും ശല്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വാഴൂർ സോമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളിലുൾപ്പെടെ അഞ്ചോ അതിലധികമോ വർഷം കുടിശ്ശികയുള്ള പത്ത് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പലിശ ഒഴിവാക്കി വായ്പാത്തുക അടയ്ക്കാൻ പദ്ധതി രൂപീകരിക്കുന്ന കാര്യവും ദീർഘകാലമായി കുടിശ്ശികയുള്ള വായ്പകൾക്ക് വൺ ടൈം സെറ്റിൽമെന്റ് പ്രഖ്യാപിക്കുന്ന കാര്യവും പരിഗണിക്കണം. കെയർ ഹോം, സഹകരണ അംഗസമാശ്വാസ പദ്ധതി, മുറ്റത്തെ മുല്ല, വിദ്യാതരംഗിണി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനും കോവിഡ് കാലത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. ബഫർ സോൺ വിഷയത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള പ്രതിപക്ഷശ്രമം ഉപേക്ഷിക്കണം. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുതകുന്ന പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള തീരുമാനത്തെ അഭിനന്ദിക്കുന്നു. മനുഷ്യരുടെ ജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനാധികാരികൾക്ക് അനുമതി നൽകിയ തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഫർ സോണുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആശങ്കയകറ്റാനും ജനവാസ മേഖലയെ ബഫർ സോണിൽ നിന്നും ഒഴിവാക്കാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് പുതിയ വന്യജീവി സങ്കേതങ്ങൾ പ്രഖ്യാപിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മുട്ടിൽ മരംമുറി കേസിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളണം. സഹകരണ ബാങ്കുകളിലെ വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാരുടെയും അംഗങ്ങളുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആന്റണി ജോൺ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ സഹകരണ മേഖല രാജ്യത്തിന് മാതൃകയാണ്. കാർഷികോത്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി കയറ്റുമതി ചെയ്യുന്ന വാരപ്പെട്ടി സഹകരണ ബാങ്ക് സഹകരണ മേഖലയ്ക്കാകെ പ്രചോദനമാണ്. വായ്പാ തിരിച്ചടവിന് സാവകാശവും പലിശയിൽ ഇളവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കൂടുതൽ ആനുകൂല്യങ്ങൾ നൽകിയും കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിന് സഹകരണ വകുപ്പ്

നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കെയർ ഹോം, മുറ്റത്തെ മുല്ല, സ്നേഹതീരം പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ കൂടുതൽ നിക്ഷേപം ആകർഷിക്കാൻ കേരള ബാങ്കിന് സാധിച്ചിട്ടുണ്ട്. സമസ്ത മേഖലകളിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ സഹകരണ വകുപ്പിന് സാധിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഫർ സോൺ വിഷയത്തിൽ രാഷ്ട്രീയത്തിനതീതമായി കൃഷിയിടങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും സംരക്ഷിക്കുന്നതിന് യോജിച്ച നിലപാട് സ്വീകരിച്ചത് അഭിമാനകരമാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഇല്ലാതാക്കി കർഷകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. തദ്ദേശഭരണസ്വയംഭരണ സ്ഥാപനാധികാരികൾക്ക് കാട്ടുപന്നികളെ കൊല്ലാനുള്ള അധികാരം നൽകിയ തീരുമാനം ആശ്വാസകരമാണ്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ത്വരിതഗതിയിലാക്കണം. സോളാർ ഫെൻസിംഗ് മെയിന്റനൻസ് കൃത്യമായി നടത്തിയും നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെയു് വന്യമൃഗ ആക്രമണം തടയുന്നതിന് നടപടിയെടുക്കണം.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക നയത്തിന്റെ ഭാഗമായി രാജ്യം സാമ്പത്തിക കെടുതി നേരിട്ടുകൊണ്ടിരിക്കുകയാണ്. സഹകരണ വകുപ്പ് നടപ്പിലാക്കുന്ന 'സ്നേഹതീരം' പദ്ധതിയിലൂടെ തീരദേശ മേഖലയിലെ ലക്ഷോപലക്ഷം കുടുംബങ്ങളെയും സഹകാരികളെയും സംരക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. വനവത്കരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളോടൊപ്പം വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിലും ശ്രദ്ധചെലുത്തണം. മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ ഒഴിവാക്കുന്നതിനായി കാലാനുസൃതമായ ഇടപെടൽ നടത്തണം.

ശ്രീ. എ. പ്രഭാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'കെയർ ഹോം' പദ്ധതിയിലൂടെ ഫ്ലാറ്റ്/ഭവനസമുച്ചയം/വില്ലകൾ നിർമ്മിക്കുന്ന നടപടി പ്രശംസനീയമാണ്. വനം-വന്യജീവി സംരക്ഷണത്തോടൊപ്പം ജനവാസകേന്ദ്രങ്ങളിലേയ്ക്കുള്ള വന്യമൃഗങ്ങളുടെ കടന്നുവരവും ജനങ്ങൾക്കുനേരെയുള്ള ആക്രമണവും തടയാൻ കഴിയണം. മലമ്പുഴ, വാളയാർ കേന്ദ്രീകരിച്ച് രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകളും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്നതിനും സോളാർ ഫെൻസിംഗ് പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സജീവ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഫർ സോണിന്റെ അതിർത്തി പുനർനിർണ്ണയിച്ച് വനത്തിനുള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കണം. ESZ-മായി ബന്ധപ്പെട്ട തീരുമാനം ഭരണഘടനാവിരുദ്ധമായതിനാൽ പിൻവലിക്കാൻ തയ്യാറാകണം. വന്യമൃഗശല്യം തടയാനുള്ള നടപടികൾ ത്വരിതപ്പെടുത്താനും കർഷകർക്കുള്ള നഷ്ടപരിഹാരം വർദ്ധിപ്പിക്കാനും പ്രതിരോധ നടപടികൾക്കുള്ള ഫണ്ട് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. സഹകരണ സംഘങ്ങളുടെ സ്വാതന്ത്ര്യത്തെയും ജനാധിപത്യ പ്രവർത്തനങ്ങളെയും അട്ടിമറിക്കുന്ന സമീപനം പ്രതിഷേധാർഹമാണ്.

<u>ശ്രീ. എ. രാജ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിൽ സഹകരണമേഖല നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. സഹകരണ ഫെസ്റ്റ് എക്സ്പോ, യുവസഹകരണ സംഘങ്ങൾ, കോ-ഓപ്പറേറ്റീവ് മാർക്കറ്റ്, 'മുറ്റത്തെ മുല്ല' പദ്ധതികൾ ജനശ്രദ്ധപിടിച്ചുപറ്റിയവയാണ്. ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ സ്വാഗതാർഹമാണ്. ബഫർ സോൺ വിഷയത്തിൽ സമയോചിതമായ ഇടപെടൽ നടത്തണം. വട്ടവട, കൊട്ടക്കാമ്പൂർ അടക്കമുള്ള

വില്ലേജുകളിൽ താമസിക്കുന്നവർക്ക് പട്ടയഭൂമിയിന്മേൽ കരം ഒടുക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം. വന്യമൃഗാക്രമണവും കൃഷിനാശവും തടയുന്നതിനും മരണപ്പെട്ടവരുടെ ആശ്രിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും വനം വകുപ്പിലെ താൽക്കാലിക വാച്ചർമാർക്ക് ശമ്പളകുടിശ്ശിക വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. മോഹനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ വകുപ്പ് മുഖേന നടപ്പാക്കിയ 'മുറ്റത്തെ മുല്ല', 'സ്നേഹതീരം' പദ്ധതികൾ ശ്രദ്ധേയമാണ്. കാർഷിക മേഖലയിൽ വിത്തുമുതൽ വിപണി വരെയുള്ള കാര്യങ്ങളിൽ സജീവമായ ഇടപെടൽ നടത്താൻ സഹകരണ പ്രസ്ഥാനത്തിന് സാധിക്കണം. മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തണം. കൈത്തറി, കയർ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം. സഹകരണ സ്വാശ്രയ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കുകയും ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുകയും സഹകരണ നിയമം ശക്തിപ്പെടുത്തുകയും വേണം. നെല്ല് സംഭരണത്തിന്റെ

മാതൃകയിൽ മറ്റ് കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണിയിലെത്തിക്കാൻ കോ-ഓപ്മാർട്ട് മോഡൽ സംഭരണശാലകൾ സ്ഥാപിക്കണം. കേരളത്തിലെ എല്ലാ സഹകരണ ബാങ്കുകൾക്കുമായി ഒരു ഏകീകൃത സോഫ്റ്റ്വെയർ വികസിപ്പിക്കാനും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രാഥമിക ബാങ്കുകൾക്കും ലഭ്യമാക്കാനും തയ്യാറാകണം. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും ബൈലാ ഭേദഗതി അംഗീകരിക്കുന്നതിനും പുതിയ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതിനും ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് പ്രതിസന്ധി മറികടക്കുന്നതിൽ സഹകരണ മേഖല വഹിച്ച പങ്ക് നിസ്തുലമാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കോടിക്കണക്കിന് രൂപയുടെ സഹായമാണ് സാധാരണ ജനങ്ങൾക്ക് ലഭിച്ചത്. 'മുറ്റത്തെ മുല്ല', 'കമ്മ്യൂണിറ്റി കിച്ചൺ' എന്നീ പദ്ധതികൾ ശ്രദ്ധേയമാണ്. വനമേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള സർക്കാരിന്റെ പരിശ്രമം ശ്ലാഘനീയമാണ്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം, വൃക്ഷസമൃദ്ധി പദ്ധതി, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ സ്വാഗതാർഹമാണ്.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ നിയമ നടപടികൾ സ്വീകരിക്കാത്തതും പ്രാഥമിക/അർബൻ സഹകരണ സംഘങ്ങളെ പ്രതിസന്ധിയിലാക്കുന്നതും ഖേദകരമാണ്. സഹകരണ സംഘങ്ങളിലെ ഓണറേറിയവും സിറ്റിംഗ് ഫീസും വർദ്ധിപ്പിക്കുകയും ജീവനക്കാരുടെ ശമ്പള പരിഷ്കരണവും പ്രൊമോഷനും മറ്റാനുകൂല്യങ്ങളും അനുവദിക്കുകയും സാമൂഹ്യക്ഷേമ പെൻഷൻ വീടുകളിലെത്തിച്ചുനൽകുന്ന ജീവനക്കാരുടെ കുടിശ്ശിക ഇൻസെന്റീവ് സമയബന്ധിതമായി വിതരണം ചെയ്യുകയും വേണം. വിവിധ ജില്ലകളിൽനിന്നും മുറിച്ചു കടത്തിയ മരങ്ങൾ കണ്ടെത്തുന്നതിന് വനം വകുപ്പ് നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്ര നയങ്ങൾ പ്രതിഷേധാർഹമാണ്. സേവനവും ബാങ്കിംഗും ഒരുപോലെ നിർവ്വഹിക്കുകയും ഗ്രാമീണമേഖലയിലെ സമ്പദ്ഘടന ശക്തിപ്പെടുത്തുകയും ചെയ്യുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ നിക്ഷേപത്തിലും ഇടപാടുകാരുടെ എണ്ണത്തിലും വർദ്ധനവുണ്ടാക്കാനും സഹകരണമേഖലയെ ജനകീയമാക്കാനും കഴിഞ്ഞിട്ടുണ്ട്. കോവിഡ്

കാലയളവിൽ ചികിത്സാ ഉപകരണങ്ങൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ കഴിഞ്ഞതും കാപ്കോസിന്റെ രൂപീകരണവും 'വിദ്യാതരംഗിണി', 'മുറ്റത്തെ മുല്ല', കെയർഹോം പദ്ധതികൾ ആവിഷ്കരിക്കാനായതും ശ്ലാഘനീയമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്ര നയങ്ങൾ പ്രതിഷേധാർഹമാണ്. പ്രളയം, കോവിഡ് പ്രതിസന്ധികളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. 'മുറ്റത്തെ മുല്ല', 'വിദ്യാതരംഗിണി' പദ്ധതികൾ രൂപീകരിച്ചതും സഹകരണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതും യുവജന സഹകരണ സംഘങ്ങൾ സ്ഥാപിച്ചതും സഹകരണ വകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. നാടകം, സംഗീതം തുടങ്ങിയ കലകൾക്ക് സഹകരണ മേഖലയിൽ സ്ഥിരംവേദിയൊരുക്കുകയും സ്പോർട്സ് ടീമുകൾക്ക് രൂപം കൊടുക്കുകയും വേണം. സഹകരണ മേഖലയിൽ നിലനിൽക്കുന്ന അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കുന്നതിന് നിയമനിർമ്മാണം നടത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. വനവും വനമേഖലയുമായും ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നെന്മാറ നിയോജകമണ്ഡലത്തിൽ ആർ.ആർ.റ്റി., ഫോറസ്റ്റ് സ്റ്റേഷൻ എന്നിവ അനുവദിക്കുന്നതിനും നടപടി

സ്വീകരിക്കണം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വന്യജീവി ആക്രമണങ്ങളിൽനിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ഇത്തരത്തിൽ പരിക്കേൽക്കുന്നവരുടെ ചികിത്സാച്ചെലവ് ഏറ്റെടുക്കുന്നതിനും തയ്യാറാകണം. കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും വനം-വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചവരെ പിരിച്ചുവിടാനുള്ള ഉത്തരവ് റദ്ദാക്കുന്നതിനും ഫോറസ്റ്റ് സർക്കിൾ ഓഫീസുകളിലുൾപ്പെടെ ആവശ്യത്തിന് വാഹനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സഹകരണ സ്ഥാപനത്തിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വ്യാജ കാർഡുകൾ പിടിച്ചെടുത്ത സംഭവത്തിൽ അന്വേഷണം നടന്നുവരുന്നു. സഹകരണ സ്ഥാപനങ്ങളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും ബൈലോ രജിസ്ട്രേഷൻ/ഭേദഗതി എന്നിവ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും കൃത്യമായി റിവ്യൂ നടത്തുകയും ചെയ്തുവരുന്നു. ഓഡിറ്റ്, ആർബിട്രേഷൻ ഫീസ് വർദ്ധനവ് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. 5 സെന്റിൽ താഴെ ഭൂമിയുള്ളവരുടെ പേരിൽ ജപ്തി

നടപടി ആരംഭിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അർബൻ ബാങ്കിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട അനോമലി പരിഹരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കരുവന്നൂർ സഹകരണ സ്ഥാപനത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. അഴിമതി തടയുന്നതിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫീസിൽനിന്നും ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥന്റെ സേവനം ലഭ്യമാക്കി ഓഡിറ്റ് വിംഗ് പുനഃസംഘടിപ്പിക്കുകയും പുതിയ ഓഡിറ്റ് ടീം ബാങ്കുകളിൽ പരിശോധന നടത്തിവരികയും ചെയ്തുവരുന്നു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. സഹകരണമേഖലയിലെ ഉല്പന്നങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും വാഹനങ്ങളിലെ വിപണനം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും പെൻഷൻ പരിഷ്കരണം സംബന്ധിച്ച് പഠിക്കാൻ സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വനിതാ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാസമ്പന്നരായ വനിതകളെ പുതിയ മേഖലകളിലേയ്ക്ക് ആകർഷിച്ച് വനിതാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പുരുഷ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് കാർഷിക മേഖലയിലെ ഉല്പാദനം

വർദ്ധിപ്പിക്കാനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കേരള ബാങ്കിന് 77 കോടി രൂപ ലാഭമുണ്ടാക്കാനും നിഷ്ക്രിയാസ്തി കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. വ്യവസായ വകുപ്പുമായി ചേർന്ന് സംരംഭങ്ങൾ ആരംഭിക്കാൻ വായ്പാ സമ്പ്രദായങ്ങൾ ഒരുക്കുകയും കാർഷിക മേഖലയ്ക്കും ചെറുകിട വ്യവസായ യൂണിറ്റുകൾക്കുമായി പ്രത്യേക പദ്ധതിയും പാക്കേജും വായ്പാ സംവിധാനങ്ങളും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആതുര സേവനരംഗത്ത് സഹകരണ സ്ഥാപനങ്ങളെ മുന്നോട്ടുകൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കുകയും മെമ്പേഴ്സ് റിലീഫ് ഫണ്ട് വഴി 46 കോടിയിലധികം രൂപയും മുറ്റത്തെ മുല്ല പദ്ധതിയിലൂടെ 2112 കോടി രൂപയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2074 വീടുകൾ നൽകുകയും രണ്ടാം ഘട്ട പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിന് പ്രത്യേക വായ്പാ സംവിധാനം ഏർപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മത്സ്യത്തൊഴിലാളികൾക്കായി സ്നേഹതീരം പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ പുതിയ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. ധനാഭ്യർത്ഥന

പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വനം-വന്യജീവി സംരക്ഷണത്തോടൊപ്പം മനുഷ്യജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ചാണ് സർക്കാർ പരിശോധിക്കുന്നത്. വന്യമൃഗങ്ങൾ കാട്ടിൽനിന്നും പുറത്തിറങ്ങാതിരിക്കാനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക, വന്യമൃഗങ്ങൾക്കാവശ്യമായ ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുക, വനത്തിനകത്ത് സ്വാഭാവിക വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വനമേഖല സമ്പുഷ്ടമാക്കുക, നീർച്ചാലുകൾ സംരക്ഷിച്ച് ബണ്ടുകൾ കെട്ടി കുടിവെള്ളം ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണുദ്ദേശിക്കുന്നത്. ഓരോ പ്രദേശത്തേയും സവിശേഷതകൾ പരിഗണിച്ച് ആനമതിൽ, കിടങ്ങുകൾ, ട്രഞ്ചുകൾ, സോളാർ ഫെൻസിംഗ് തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. വന്യജീവി ആക്രമണങ്ങൾ മുൻകൂട്ടി മനസ്സിലാക്കി മുന്നറിയിപ്പ് നൽകാനുള്ള ആധുനിക സംവിധാനങ്ങളൊരുക്കുന്നതിനും കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും വാഹനങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനലഭ്യതയനുസരിച്ച് 2020 മുതലുള്ള നഷ്ടപരിഹാര

കുടിശ്ശിക കൊടുത്തുതീർക്കുന്നതാണ്. പുത്തൂരിലെ സുവോളജിക്കൽ പാർക്ക് പൂർണ്ണ തോതിൽ തുറന്നുപ്രവർത്തിപ്പിക്കാനും കോട്ടൂരിലെ ആന സംരക്ഷണ കേന്ദ്രത്തെ 50-ലധികം ആനകളെ സംരക്ഷിക്കാൻ കഴിയുന്ന പാർക്കായി മാറ്റാനും ഈ സാമ്പത്തിക വർഷംതന്നെ നടപടി സ്വീകരിക്കുന്നതാണ്. കൂടുതൽ കുങ്കി ആനകൾക്ക് പരിശീലനം നൽകുകയും തടസ്സങ്ങൾ നീക്കി ആറളത്ത് ആനമതിൽ നിർമ്മിക്കുകയും ചെയ്യുന്നതാണ്. ബഫർ സോൺ വിഷയത്തിൽ എക്സ്പെർട്ട് കമ്മിറ്റി മുമ്പാകെ കേരളത്തിന്റെ ആവശ്യങ്ങൾ സമർപ്പിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭ്യമാക്കിയശേഷം സുപ്രീംകോടതിയെ സമീപിക്കുന്നതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിഷേധാത്മക നിലപാട് സംബന്ധിച്ച പരാതികളിൽ ഇടപെട്ട് പരിഹാരം കാണുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ശബ്ദവോട്ടോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാത്രി 7.35-ന് പിരിഞ്ഞു.)

* * * * * * * * * * *